"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - പാലക്കാട് കൊട്ടാരശ്ശേരി എ.എൽ.പി. സ്കൂളിലെ എൽ.പി.എസ്സ്.ടി. ശ്രീമതി. ഫൗസിയ എ. എസ്. ന്റെ നിയമനാംഗീകാരം സംബന്ധിച്ച് സർക്കാരിൽ സമർപ്പിച്ച പുന:പരിശോധന ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.5358/2026/GEDN** തീയതി, തിരുവനന്തപുരം, 11-08-2026

---

പരാമർശം:-

1. സ.ഉ. (കൈ) നം. 54/2024/പൊവിവ, തീയതി 01/06/2024.
2. കൊട്ടാരശ്ശേരി എ.എൽ.പി. സ്കൂളിലെ എൽ.പി.എസ്സ്.ടി. ശ്രീമതി. ഫൗസിയ എ. എസ്. സമർപ്പിച്ച 22/12/2025 തീയതി പുന:പരിശോധന ഹർജി.
3. ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 31/01/2026, 28/04/2026 തീയതികളിലെ AEOALT/773/2024-C നമ്പർ കത്ത്.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 02/02/2026 തീയതിയിലെ DGE/1325/2026-G1 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ കൊട്ടാരശ്ശേരി എ.എൽ.പി. സ്കൂളിലെ എൽ.പി.എസ്സ്.ടി. ശ്രീമതി. ഫൗസിയ എ. എസ്. ടിയാളുടെ നിയമനാംഗീകാരം സംബന്ധിച്ച് പരാമർശം (2) പുന:പരിശോധന ഹർജി സർക്കാരിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത ഹർജി പരിശോധിക്കാനായി 11/02/2026 തീയതിയിൽ ഹർജിക്കാരി, സ്കൂൾ മാനേജർ, വിദ്യാഭ്യാസ അധികാരികൾ എന്നിവരുമായി ഗൂഗിൾ മീറ്റ് മുഖേന കൂടിക്കാഴ്ച്ച നടത്തി.

**2. പുന: പരിശോധന ഹർജിയിലെ വിഷയം ഇപ്രകാരമാണ് :**

ശ്രീമതി. ഫൗസിയ എ. എസ്. നെ 31/05/2020 ന് നിലവിൽ വന്ന വിരമിക്കൽ ഒഴിവിൽ 18/10/2021 മുതൽക്ക് മാനേജർ നിയമിക്കുകയും, എന്നാൽ തന്റെ വ്യാജ ഒപ്പ് ഇട്ടുകൊണ്ട് ഹെഡ്മാസ്റ്റർ ശ്രീ. എ.എസ്. മുഹമ്മദ് ഹുസൈൻ ആണ് നിയമനം നടത്തിയിരിക്കുന്നത് എന്ന് ഏഴ് (7) മാസങ്ങൾക്കു ശേഷം മാനേജർ ശ്രീമതി. ഖദീജ ബീവി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മുൻപാകെ പരാതി ബോധിപ്പിച്ചിരുന്നു. നിയമനം നിരസിച്ചതിനെതിരെ ടിയാൾ കോടതി മുമ്പാകെ സമർപ്പിച്ച റിട്ട് ഹർജി 24908/2024-ൽ 31/07/2024-ലെ വിധിന്യായം പ്രകാരം വ്യാജ ഒപ്പിട്ട് നിയമനം നടത്തിയതുമായി ബന്ധപ്പെട്ട ഫയൽ ചെയ്ത ക്രിമിനൽ കേസിലെ ഉത്തരവിന് വിധേയമായി ഡയറക്ടർ ഹർജിക്കാരിയുടെ

നിയമനം അംഗീകരിച്ച് നൽകുന്നതിന് ഉത്തരവായിരുന്നു.

തുടർന്ന്, Crl. MC No. 1660/2025 ൽ ബഹു. ഹൈക്കോടതിയുടെ 11/06/2025 തീയതി വിധിന്യായത്തിൽ വ്യാജ ഒപ്പിട്ടു എന്നു കാണിച്ചു കൊണ്ട് മാനേജർ എ. എസ്. ഖദീജ ബീവി വടക്കാഞ്ചേരി പോലീസ് സ്റ്റേഷനിൽ നല്കിയിരുന്ന പരാതി (Crime No.1213/2024) The de facto complainant, who is the person aggrieved by the crime involved in this case, has filed affidavit before this Court, stating that the issue has been amicably settled with the petitioners എന്ന് കോടതിക്ക് ബോധ്യപ്പെട്ടതിനാൽ Crime No.1213/2024ൽ തുടർനടപടികൾ അവസാനിപ്പിക്കുന്നതിന് ഉത്തരവാകുകയും ചെയ്തു.

മേൽ സാഹചര്യത്തിൽ, തന്റെ നിയമനം അംഗീകരിക്കുന്നതിന് എതിർ വാദങ്ങളൊന്നും നിലനിൽക്കുന്നില്ല എന്നും വേഗത്തിൽ നടപടി ഉണ്ടാകണമെന്നുമാണ് ശ്രീമതി. ഫൗസിയയുടെ ആവശ്യം.

**3. ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ എന്നിവരുടെ റിപ്പോർട്ട് ഇപ്രകാരമാണ് :**

മാനേജരുടെ വ്യാജ ഒപ്പ് രേഖപ്പെടുത്തി ശ്രീമതി. ഫൗസിയ.എ.എസ്., എൽ.പി.എസ്.ടി. ശ്രീമതി. ഷിഫ കെ.ഐ., അറബിക് അധ്യാപിക എന്നിവരെ നിയമിച്ചു എന്ന് കൊട്ടാരശ്ശേരി എ.എൽ.പി.സ്കൂളിലെ സ്കൂൾ മാനേജരായിരുന്ന ശ്രീമതി. ഖദീജ ബീവി ബഹു. ഹൈക്കോടതിയിൽ ഡബ്ല്യു പി(സി) 19339/2022 നമ്പർ കേസ് ഫയൽ ചെയ്യുകയും തുടർന്ന് ബഹു. ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാതി പരിശോധിക്കുകയും മാനേജരുടെ കൈയ്യൊപ്പിൽ വ്യത്യാസം ഉള്ളതായി ബോധ്യപ്പെടുകയും ചെയ്തു. തുടർന്ന് വിഷയത്തിൽ കേസ് രജിസ്റ്റർ ചെയ്ത് തുടർ നടപടികൾ സ്വീകരിക്കുന്നതിന് ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിക്കൊണ്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

ഈ വിഷയത്തിൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനായി ആലത്തൂർ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന് കത്ത് നൽകിയിരുന്നെങ്കിലും ടി വിഷയത്തിൽ വടക്കഞ്ചേരി പോലീസ് സ്റ്റേഷനിൽ കേസുകൾ ഒന്നും തന്നെ രജിസ്റ്റർ ചെയ്തിട്ടില്ല എന്ന് വടക്കഞ്ചേരി സ്റ്റേഷൻ ഹൗസ് ഓഫീസർ അറിയിച്ചിട്ടുണ്ട്. പ്രധാനാധ്യാപകനായിരുന്ന ശ്രീ. മുഹമ്മദ് ഹുസൈൻ, മാനേജറായിരുന്ന ശ്രീമതി. ഖദീജ ബീവിയുടെ വ്യാജ ഒപ്പ് രേഖപ്പെടുത്തി ശ്രീമതി. ഫൗസിയ എ.എസ്., എൽ.പി.എസ്.ടി., ശ്രീമതി.ഷിഫ.കെ.ഐ., അറബിക് അധ്യാപിക എന്നിവരെ നിയമിച്ചു എന്ന് ആരോപിച്ചു കൊണ്ടു മുൻ സ്കൂൾ മാനേജർ ശ്രീമതി. ഖദീജ ബീവി വടക്കഞ്ചേരി പോലീസ് സ്റ്റേഷനിൽ Crime No. 1213/2024 ഫയൽ ചെയ്യുകയും ഈ ക്രൈം കേസിനെതിരെ ശ്രീ. മുഹമ്മദ് ഹുസൈൻ, ശ്രീമതി. ഫൗസിയ എ.എസ്., ശ്രീമതി. ഷിഫ കെ. ഐ. എന്നിവർ ചേർന്ന് CRL.M.C.NO.1660 of 2025 ഫയൽ ചെയ്യുകയും 11/06/2025-ലെ വിധിന്യായം പ്രകാരം പരാതിക്കാരും ഹർജിക്കാരും തമ്മിൽ സൗഹൃദപരമായി കേസ് ഒത്തു തീർപ്പായ സാഹചര്യത്തിൽ ക്രൈം നമ്പർ 1213/2024 നിർവ്വീര്യമാക്കിക്കൊണ്ട് ഉത്തരവായിട്ടുള്ളതുമാണ്. 18/11/2018 മുതൽ

8/11/2021 വരെ നിയമിക്കപ്പെടുന്നവർക്ക് പ്രൊവിഷണൽ നിയമനാംഗീകാരം നൽകുന്നതിനാണ് വ്യവസ്ഥയുള്ളത് എന്നതിനാലാണ് ശ്രീമതി. ഫൗസിയ എൽ.പി.എസ്.ടി.യുടെ 18/10/2021 മുതലുള്ള നിയമനം ടി നിയമനാംഗീകാരത്തിനു പ്രൊബേഷൻ, ഇൻക്രിമെന്റ് ഉണ്ടായിരിക്കുകയില്ല എന്ന വ്യവസ്ഥയിൽ താത്കാലികമായി അംഗീകരിച്ചിട്ടുള്ളത്. നിലവിലെ ഭിന്നശേഷി വ്യവസ്ഥ പൂർണമായി പാലിക്കപ്പെടുമ്പോൾ മാത്രമേ ടി നിയമനം റെഗുലർ അടിസ്ഥാനത്തിൽ പരിഗണിക്കുവാൻ കഴിയുകയുള്ളൂ എന്നതിനാൽ ഹർജി പരിഗണനാർഹമല്ല എന്നാണ് പരാമർശം (3), (4) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നത്.

**4.** കൊട്ടാരശ്ശേരി എ.എൽ.പി. സ്കൂളിലെ എൽ.പി.എസ്സ്.ടി. ശ്രീമതി. ഫൗസിയ എ. എസ്. സമർപ്പിച്ച പരാമർശം (2) പുന:പരിശോധന ഹർജിയിലെ വിഷയം, വിദ്യാഭ്യാസ ഓഫീസർമാർ സമർപ്പിച്ചിരുന്ന റിപ്പോർട്ട്, നിലവിലെ കെ.ഇ.ആർ വ്യവസ്ഥകൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു.

ഭിന്നശേഷി നിയമനത്തിനായി വ്യവസ്ഥാപിതമായ തസ്തികകൾ മാറ്റിവച്ചിട്ടുള്ള മാനേജ്മെന്റുകളിൽ ഭിന്നശേഷി സംവരണ നിയമത്തിനു വിധേയമായി താത്കാലികമായി (പ്രൊവിഷണലായി/ ശമ്പളസ്കെയിലിൽ/ ദിവസവേതനാടിസ്ഥാനത്തിൽ) ജോലി ചെയ്യുന്ന ജീവനക്കാരെ ബഹു. സുപ്രീം കോടതിയിൽ നിലനിൽക്കുന്ന സ്പെഷ്യൽ ലീവ് പെറ്റീഷനുകളുടെ അന്തിമവിധിക്കു വിധേയമായി മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ ശമ്പളസ്കെയിലിൽ ക്രമീകരിക്കുന്നതിന് 18/02/2026 തീയതിയിലെ G.O.(Ms) No. 31/2026/പൊവിവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**5.** മേൽ സാഹചര്യത്തിൽ, ഭിന്നശേഷി നിയമനത്തിനായി വ്യവസ്ഥാപിതമായ തസ്തികകൾ മാറ്റിവച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തിക്കൊണ്ട് പാലക്കാട് കൊട്ടാരശ്ശേരി എ.എൽ.പി. സ്കൂളിൽ ശ്രീമതി. ഫൗസിയ എ.എസ്. എൽ.പി.എസ്.ടി. യുടെ 18/10/2021 മുതലുള്ള നിയമനം 18/02/2026 തീയതിയിലെ G.O.(Ms) No. 31/2026/പൊവിവ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ ശമ്പള സ്കെയിലിൽ അംഗീകരിക്കുന്നതിന് ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദേശം നൽകി അപ്രകാരം പരാമർശം (2) പുന:പരിശോധന ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA R S
അഡിഷണൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, ജഗതി, തിരുവനന്തപുരം - 695 014.
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട് - 678 001.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ആലത്തൂർ - 678 541.
മാനേജർ, എ.എൽ.പി. സ്കൂൾ, കൊട്ടാരശ്ശേരി, പാലക്കാട് - 678 687.
ഹെഡ്മാസ്റ്റർ , എ.എൽ.പി. സ്കൂൾ, കൊട്ടാരശ്ശേരി, പാലക്കാട് - 678 687.
ശ്രീമതി. ഫൗസിയ എ.എസ്., എൽ.പി.എസ്.ടി., എ.എൽ.പി. സ്കൂൾ, കൊട്ടാരശ്ശേരി, പാലക്കാട് - 678 687.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ആഡിറ്റ്), കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ (GEDN-B3/1/2026-G.EDN).

ഉത്തരവിൻ പ്രകാരം

Digitally signed by
Ragasmitha V M
Date: 18-08-2026
16:57:06

സെക്ഷൻ ഓഫീസർ